പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

**'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

[Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2015 മാർച്ച് 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th March, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി X
# (SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(FOREST, ENVIRONMENT AND TOURISM)

**'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

[Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

140/2015.

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി X

## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. കെ. അജിത്

,, ബി. ഡി. ദേവസ്സി

,, കെ. ബി. ഗണേഷ് കുമാർ

,, റ്റി. യു. കുരുവിള

,, എസ്. രാജേന്ദ്രൻ

,, രാജു എബ്രഹാം

,, ബി. സത്യൻ

,, കെ. എം. ഷാജി

,, സണ്ണി ജോസഫ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 പ്രകാരം, 'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പ്രകൃതിയുടെ നിലനിൽപ്പിന്റെ ഉറവിടമായ ജൈവവ്യൂഹത്തിലെ അംഗങ്ങളാണ് കാവുകൾ. നിത്യഹരിത വനങ്ങൾക്ക് സമാനമായ കാവുകൾ പ്രകൃതിയുടെ മനോഹാരിതയാണ്. ശുദ്ധവായു പ്രദാനം ചെയ്യുന്ന കാവുകൾ പക്ഷികളും സസ്തനികളും ഉൾപ്പെടെയുള്ള ജീവികളുടെ ആവാസകേന്ദ്രം കൂടിയാണ്. പ്രകൃതിയുടെ ആവാസവ്യവസ്ഥ നിലനിർത്തുന്നതിൽ കാവുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. പ്രകൃതി ആരാധനയുടെ ഭാഗമായി ആചാരപരമായ വിശ്വാസങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും വനത്തിന്റെ ഭാഗമായ കാവുകളെ മനുഷ്യൻ എന്നും സംരക്ഷിച്ചു പോന്നിരുന്നു. പാരമ്പര്യങ്ങളിൽനിന്ന് അകന്നുമാറി മനുഷ്യൻ ആധുനികവൽക്കരണത്തിലേക്ക് തിരിഞ്ഞത് കാവുകൾ ക്ഷയിക്കുന്നതിനും അതുവഴി പ്രകൃതിയുടെ പൂർണ്ണത നശിക്കുന്നതിനും കാരണമായി മാറിയിരിക്കുന്നു. അതോടൊപ്പം കാവ് നശിച്ചാൽ പ്രകൃതി നശിക്കുമെന്നുള്ള സങ്കൽപ്പംതന്നെ യാഥാർത്ഥ്യമായി മാറുന്ന അവസ്ഥയാണുള്ളത്.

3. വനം-വന്യജീവി, പരിസ്ഥിതി എന്നീ വകുപ്പുകളുടെ പരിധിയിൽവരുന്ന 'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച് ചട്ടം 235 (എ) പ്രകാരം സമിതി 21-8-2014-ൽ പ്രസ്തുത വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സമിതിക്ക് ലഭിച്ച വിവരങ്ങളും അതിന്മേലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ 21-1-2015-ൽ ചേർന്ന യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,
2015 ജനുവരി 21.

## റിപ്പോർട്ട്

സംസ്ഥാനത്തുള്ള കാവുകളുടെ പരിപാലനം സംബന്ധിച്ച വിശദാംശങ്ങളെയും അവയുടെ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളെയും സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ പ്രകാരം വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി 2014 ആഗസ്റ്റ് മാസം 21-ാം തീയതി വനം-വന്യജീവി വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാനത്തെ മുഖ്യ വനപാലകൻ, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവന്ന കാര്യങ്ങളും അവ സംബന്ധിച്ചുള്ള സമിതിയുടെ ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2. പ്രകൃതിയുടെ ആവാസവ്യവസ്ഥ നിലനിർത്തുന്നതിൽ കാവുകൾ പ്രധാനമായ പങ്കുവഹിക്കുന്നു. പ്രകൃതി ആരാധനയുടെ ഭാഗമായി മനുഷ്യൻ വനത്തിന്റെ ഭാഗമായ കാവുകളെ ആചാരപരമായ വിശ്വാസങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും കാലാകാലങ്ങളായി സംരക്ഷിച്ചുപോന്നു. കുളം വറ്റിയാൽ കാവ് നശിക്കുമെന്നും കാവ് നശിച്ചാൽ പ്രകൃതി നശിക്കുമെന്നുമുള്ള പഴയകാലത്തെ സങ്കല്പം വർത്തമാനകാലത്ത് ഒരു യാഥാർത്ഥ്യമായി മാറിക്കൊണ്ടിരിക്കുന്നു.

3. പ്രകൃതിയുടെ അടിസ്ഥാനമായ ജൈവവ്യൂഹത്തിലെ അംഗങ്ങളായി കാവുകൾ നാട്ടിലുടനീളം നിലകൊണ്ടിരുന്നു. ഏറെക്കുറെ നിത്യഹരിതവനങ്ങൾക്ക് സമാനമാണ് കാവുകളുടെ സസ്യവിന്യാസം എന്നതും എടുത്തുപറയേണ്ടതുണ്ട്. കാവുകളിലെ സമ്പത്ത് ഭക്ഷ്യ ആവശ്യങ്ങൾക്കുപുറമേ തടി, വിറക്, ഔഷധം എന്നിവ പ്രദാനം ചെയ്യുന്നതോടൊപ്പം ശുദ്ധവായു പ്രദാനം ചെയ്യുന്നതിനും ശബ്ദമലിനീകരണം കുറയ്ക്കുന്നതിനും വഹിക്കുന്ന പങ്ക് ചെറുതല്ല. നിരവധി ഉരഗങ്ങളുടെയും ഉഭയജീവികളുടെയും പക്ഷികൾ, സസ്തനികൾ, ഷഡ്പദങ്ങൾ മുതലായവയുടെയും ആവാസകേന്ദ്രം കൂടിയാണ് കാവുകൾ.

4. അസാധാരണമായതും വംശനാശഭീഷണിയുള്ളതുമായ നിരവധി സസ്യജന്തുജാലങ്ങളും ഇവിടെ വസിക്കുന്നു. കേരളത്തിലെ കാവുകളിൽ 100 സ്പീഷീസ് സസ്തനികൾ, 476 സ്പീഷീസ് പക്ഷികൾ, 156 സ്പീഷീസ് ഇഴജന്തുകൾ, 91 സ്പീഷീസ് ഉഭയജീവികൾ, 196 സ്പീഷീസ് മത്സ്യങ്ങൾ, 150-ൽപ്പരം ശലഭങ്ങൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.

5. അതേസമയം കാവുകളുടെ എണ്ണവും വിസ്തൃതിയും അനുദിനം കുറഞ്ഞുവരുന്നതായാണ് നമുക്കു ചുറ്റും കണ്ണോടിച്ചാൽ കാണാൻ കഴിയുന്നത്. ജീവിത രീതിയിൽ വന്ന മാറ്റങ്ങളും വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്ക് അനുസൃതമായ നിർമ്മാണ പ്രവർത്തനവും മുൻകാലങ്ങളിൽനിന്നും വിഭിന്നമായി തറവാടുകളുടെ സ്ഥാനത്ത് പുതിയ വീട് നിർമ്മാണവും കാവുകളുടെ നിലനിൽപ്പിന് ഭീഷണി ആയിട്ടുണ്ട്. അനിയന്ത്രിതമായ തോതിൽ വിവിധ കാലയളവിൽ നടന്ന കാലിമേയ്ക്കലും വിറക് ശേഖരണവും കൂടാതെ, പ്രകൃതി ആരാധന എന്ന ആദ്യകാല സങ്കല്പം ക്ഷേത്രാരാധനയ്ക്ക് വഴിമാറിയതും കാവുകളുടെ നിലനിൽപ്പിന് ഭീഷണിയായി തീരുകയാണുണ്ടായത്.

കേരളത്തിലെ കാവുകളിൽ ഭൂരിഭാഗവും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതും സ്വകാര്യ വ്യക്തികളുടെ അധീനതയിൽപ്പെട്ടവയുമാണ്. കേരളസംസ്ഥാന രൂപീകരണത്തിനു മുമ്പ് തിരുവിതാംകൂറിൽ മാത്രം പതിനായിരത്തോളം കാവുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ ആകെ ആയിരത്തി ഇരുന്നൂറോളം കാവുകൾ മാത്രമാണ് ശേഷിക്കുന്നത് എന്നാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

6. കേരളത്തിലെ ഉയർന്ന പ്രദേശങ്ങളായ ഇടുക്കി, വയനാട് മേഖലകളിൽ കാവുകൾ എണ്ണത്തിൽ കുറവായിരിക്കുമ്പോൾ ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ കാവുകൾ ഉള്ളതെന്നും മണ്ണാർശാല, കലശമല, തേവോട്ടുകാവ്, കാരക്കാക്കാവ് തുടങ്ങിയ കാവുകൾ സംസ്ഥാനത്തെ പ്രധാനപ്പെട്ട കാവുകളാണെന്നും ഉദ്ദേശം രണ്ടേക്കറോളം വ്യാപ്തിയുള്ളതും എറണാകുളം ജില്ലയിലെ പെരുമ്പാവൂരിലുള്ളതുമായ "ഇരിങ്ങോർക്കാവ്" ആണ് കേരളത്തിലെ ഏറ്റവും വലിയ കാവ് എന്നും സമിതി മനസ്സിലാക്കുകയുണ്ടായി.

7. ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലും നമ്മുടെ സംസ്ഥാനത്തും പ്രകൃതിയുടെ പച്ചപ്പായ കാവുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. സർപ്പാരാധനയും പ്രകൃതിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട അലിഖിത നിയമങ്ങളും വിശ്വാസങ്ങളും കാവുകളുടെ നശീകരണം തടയുന്നതിൽ ഒരളവുവരെ സഹായകമായിട്ടുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന ജനസംഖ്യയും വികസന മുന്നേറ്റവും നിർമ്മാണ പ്രവർത്തനങ്ങളും പാർപ്പിടാവശ്യത്തിനുള്ള കരഭൂമിയുടെ ദൗർലഭ്യവും കാവുകൾ നശിക്കുന്നതിന് കാരണമായി തീർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, അവശേഷിക്കുന്ന കാവുകളെ കൂടുതൽ നാശോന്മുഖമാകാതെ സംരക്ഷിക്കേണ്ടത് ഒരു സാമൂഹ്യ ഉത്തരവാദിത്വമായി മാറിക്കഴിഞ്ഞു.

8. അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷത്തോടനുബന്ധിച്ച് വനം-വന്യജീവി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് 2010-2011 മുതൽ 'കാവുകളുടെ സംരക്ഷണ പരിപാലനപദ്ധതി' നടപ്പിലാക്കിവന്നിരുന്നു എന്നും എന്നാൽ, 2013-2014 മുതൽ പുതുക്കിയ ഉത്തരവ് പ്രകാരം ഓരോ ജില്ലയിൽനിന്നും അഞ്ച് കാവുകളെമാത്രം തെരഞ്ഞെടുക്കാനും ഏതെങ്കിലും ജില്ലയിൽ അഞ്ച് കാവുകൾ ഇല്ലായെങ്കിൽ പകരമായി മറ്റുജില്ലകളിൽനിന്നും കാവുകളെ തെരഞ്ഞെടുക്കണമെന്നും പരമാവധി ഇത്തരത്തിൽ വരുന്ന കാവുകൾ 70 എണ്ണത്തിൽ കൂടാൻ പാടില്ലെന്നുമുള്ള നിഷ്കർഷയോടെയാണ് പദ്ധതി നടപ്പാക്കിവരുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

9. കേരളത്തിലെ കാവുകളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്കായി സംസ്ഥാന വനം വകുപ്പിന്റെ കീഴിലുള്ള സോഷ്യൽ ഫോറസ്ട്രി വിഭാഗം ഓരോ ജില്ലയിൽനിന്നും പത്രപരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകൾ തെരഞ്ഞെടുത്ത വിദഗ്ദ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ യോഗ്യമായ കാവുകൾ തെരഞ്ഞെടുക്കുകയും അപ്രകാരം തെരഞ്ഞെടുക്കുന്ന കാവുകൾക്ക് സൂക്ഷ്മാസൂത്രണരേഖ (micro plan)-യുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുകയാണ് ചെയ്യുന്നത് എന്നും സസ്യ-ജന്തു വൈവിധ്യം തിട്ടപ്പെടുത്തുക, കാവുകളുടെ സംരക്ഷണത്തിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, സസ്യങ്ങൾ വച്ചുപിടിപ്പിക്കുക,

മണ്ണ് ജല-സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, സാമ്പത്തിക സഹായവും അവാർഡും വിതരണം ചെയ്യുക തുടങ്ങിയവ കാവ് സംരക്ഷണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു എന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

10. 2009-10-ൽ "ഇന്റൻസിഫിക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് സ്കീമിൽ" 75% കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയിൽ ഇടുക്കി ജില്ല ഒഴികെയുള്ള ജില്ലകളിൽ നിന്നായി 28 വലിയ കാവുകൾ തെരഞ്ഞെടുക്കുകയുണ്ടായി എന്നും എന്നാൽ, തുടർന്ന് കേന്ദ്ര സഹായം ലഭിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ കാവുസംരക്ഷണ പദ്ധതിയുടെ ഫണ്ടിൽ നിന്നാണ് ഈ പ്രവർത്തനങ്ങൾ നടന്നു വരുന്നത് എന്നും സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. കാവ് സംരക്ഷണ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ സി.ബി.സി. (Consortium Bank Credit) ഫണ്ടിൽനിന്നും 2010-2011 മുതൽ 2013-2014 വരെ ചെലവാക്കിയ തുകയും വിതരണം ചെയ്ത കാവുകളുടെ എണ്ണവും അടങ്ങുന്ന വിശദാംശം സംസ്ഥാന വനം-വന്യജീവി വകുപ്പ് സമിതിക്ക് ലഭ്യമാക്കുകയുണ്ടായി. ആയത് ചുവടെ ചേർക്കും പ്രകാരമാണ്:

കാവുകളുടെ സംരക്ഷണ പദ്ധതിക്കായി ചെലവാക്കിയ തുക
സംബന്ധിച്ച വിശദാംശം

| *ക്രമ നമ്പർ* | *വർഷം* | *തുക (ലക്ഷത്തിൽ)* | *കാവുകളുടെ എണ്ണം* |
|---|---|---|---|
| 1 | 2010-2011 | 33.607 | 146 |
| 2 | 2011-2012 | 30.396 | 174 |
| 3 | 2012-2013 | 28.55 | 166 |
| 4 | 2013-2014 | 28.758 | 130 |

11. കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ 132 കാവുകളുടെ സംരക്ഷണത്തിനായി തുക അനുവദിച്ചിരുന്നതായും 2013-2014 സാമ്പത്തിക വർഷം 62 പുതിയ കാവുകളുടെയും 68 പഴയകാവുകളുടെയും സംരക്ഷണത്തിനായി 32 ലക്ഷം രൂപ വിനിയോഗിച്ചിരുന്നതായും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് കാവുസംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തുവരുന്നതെന്നും ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പഞ്ചായത്ത് തലത്തിലുള്ള ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുടെ സഹകരണത്തോടെ കാവുകളുടെ സംരക്ഷണവും പരിപാലനവും നിർവ്വഹിച്ചാൽ അത് കൂടുതൽ കാര്യക്ഷമമാകുമെന്നും സമിതി മനസ്സിലാക്കുകയുണ്ടായി.

12. കാവുസംരക്ഷണം നല്ല രീതിയിൽ നടത്തുന്നതിൽ ജീവനക്കാരുടെ അഭാവം തടസ്സമുണ്ടാക്കുന്നുവെന്ന് വിലയിരുത്തിയ സമിതി കാവുകൾ സംരക്ഷിക്കാനായി

തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ടി.ബി.ജി.ആർ.ഐ.), കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (കെ.എഫ്.ആർ.ഐ.) ശാസ്ത്രജ്ഞർ, തിരുവിതാംകൂർ, മലബാർ എന്നീ ദേവസ്വം ബോർഡുകളിലെ പ്രസിഡന്റുമാർ അയ്യപ്പ സേവാ സംഘം പ്രസിഡന്റ് അല്ലെങ്കിൽ അവരുടെ നോമിനികൾ തുടങ്ങിയവർ ഉൾപ്പെടുന്നുവെന്നും മനസ്സിലാക്കുകയുണ്ടായി.

13. കാവുസംരക്ഷണത്തിന്റെ ഭാഗമായി ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ എന്നിവ ഉൾപ്പെടെ 240 ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ ഉണ്ടാക്കിയിട്ടുണ്ടെന്നും നടപ്പുവർഷം ഇത് 500 ആയി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ലഭ്യമാകുന്ന സ്ഥലങ്ങളിൽ മനുഷ്യനിർമ്മിതമായ കാവുകൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു എന്നും ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന ചെടികൾ ഉൾക്കൊള്ളുന്ന പ്രദേശം 'ശക്തിസ്ഥൽ' എന്ന പേരിലാണ് അറിയപ്പെടുന്നത് എന്നും സമിതി മനസ്സിലാക്കുന്നു.

**ശിപാർശകൾ**

14. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ധാരാളം ചെറിയ ചെറിയ കാവുകൾ സംരക്ഷിക്കപ്പെടാതെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതായി ബോദ്ധ്യപ്പെട്ട സമിതി അപ്രകാരമുള്ള പ്രദേശങ്ങളിൽ നെല്ലി, മാവ്, പ്ലാവ്, ഇലഞ്ഞി തുടങ്ങിയ മരങ്ങളുടെ തൈകൾ കൂടി നട്ടുപിടിപ്പിച്ച് അവയെ പൂർണ്ണരൂപത്തിലുള്ള കാവാക്കി മാറ്റി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

15. അനധികൃതമായി കാവുകൾ കയ്യേറുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിന് ജൈവവേലികൾ നിർമ്മിച്ച് സ്ഥലത്തെ എൻ.ജി.ഒ.-കളെയോ മറ്റ് ജനകീയ സമിതികളെയോ ചുമതലപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. 'ഗ്രീൻ റോഡ്' എന്ന സങ്കല്പത്തിന്റെ ഭാഗമായി ഔഷധസസ്യങ്ങൾ പോലുള്ളവ റോഡരികിൽ വച്ചുപിടിപ്പിക്കുന്നതിനും ഇതിനായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അതിലൂടെ കാവുകളുടെ രൂപത്തിൽ പ്രകൃതിസംരക്ഷണം ഫലപ്രദമാക്കി നടപ്പാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ സോഷ്യൽ ഫോറസ്ട്രി വകുപ്പ് പദ്ധതി ആവിഷ്കരിക്കണമെന്നും കൂടാതെ, കാവുകളുടെ സംരക്ഷണം നല്ല രീതിയിൽ നടപ്പാക്കുന്നതിന് ജൈവവൈവിധ്യ ബോർഡിന്റെയും വനം-വന്യജീവി വകുപ്പിന്റെയും സംയുക്തമായ പ്രവർത്തനം ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. കാവുസംരക്ഷണത്തിന് പ്രധാനമായും വേണ്ടത് ഫെൻസിംഗാണെന്നും ദേശീയപാതയുടെ വശങ്ങളിൽ പോക്കറ്റുപോലെ കാണപ്പെടുന്ന സ്ഥലങ്ങളിൽ, പൊതുമരാമത്ത് വകുപ്പിന് നിലവിൽ പദ്ധതികൾ ഇല്ലാത്ത പ്രദേശങ്ങളിൽ ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

18. വനം വകുപ്പിന്റെ കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി എന്ന ശീർഷകത്തിൽ കാവുകളുടെ സംരക്ഷണത്തിനായി വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ നിലവിലെ 30 ലക്ഷം രൂപ എന്നുള്ളത് ഒരു കോടി രൂപയാക്കി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. സ്കൂൾ/കോളേജ് കാമ്പസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള 'ശക്തിസ്ഥൽ' എന്ന പദ്ധതി വിജയിപ്പിക്കുന്നതിലേക്കായി 50 ലക്ഷം രൂപ ബയോഡൈവേഴ്സിറ്റി ബോർഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ഒരു കാലത്ത് തിരുവിതാംകൂറിന്റെ ഭരണസിരാകേന്ദ്രങ്ങളിൽ ഒന്നായിരുന്ന ആറ്റിങ്ങൽ കൊട്ടാരവളപ്പിനുള്ളിൽ കാവും വിശാലമായ പറമ്പും അനുബന്ധ വസ്തുക്കളും ശരിയായ സംരക്ഷണമില്ലാതെ നശിച്ചു പോകുന്നതായി വിലയിരുത്തിയ സമിതി പ്രസ്തുത പ്രദേശത്തെ കാവുസംരക്ഷണത്തിനായി സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കി ആയത് സമയബന്ധിതമായി നടപ്പാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

21. പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് അനുദിനം കുതിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ പൂർവ്വികർ അവരുടെ ഹൃദയത്തോട് ചേർത്തുവച്ചിരുന്ന മഹത്തായ ഒട്ടനവധി പാരമ്പര്യങ്ങളുടെ ശേഷിപ്പായ കാവ് എന്ന സങ്കല്പം നിലനില്പിനായുള്ള പോരാട്ടത്തിന്റെ പാതയിലാണ്. അതിന്റെ ഭാഗമായി വിവിധ ഭാഗങ്ങളിലെ കാവുകളുടെ എണ്ണവും വിസ്തൃതിയും നാൾക്കുനാൾ കുറഞ്ഞു വരുന്നു എന്ന വസ്തുതയും പ്രകൃതി പ്രതിഭാസങ്ങളായ ഭൂമികുലുക്കം, ഉരുൾപ്പൊട്ടൽ, കരയിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയവ പ്രതിരോധിക്കുവാനും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും ജൈവസുസ്ഥിരത നിലനിർത്തുന്നതിനും പച്ചപ്പിന്റെ തുരുത്തുകളായ ഈ കാവുകൾ അങ്ങേയറ്റം അനിവാര്യമാണ് എന്ന പരമാർത്ഥവും ആധുനികതയിലേക്കുള്ള കുതിപ്പിൽ നാം പലപ്പോഴും മറന്നുപോകുന്നു.

22. ജൈവവൈവിധ്യത്തിന്റെ കലവറ എന്ന നിലയിലും വംശനാശ ഭീഷണിയുള്ളതും അപൂർവ്വങ്ങളുമായ നിരവധി സസ്യജന്തുജാലങ്ങളുടെ സ്വാഭാവിക ആവാസ കേന്ദ്രം എന്ന നിലയിലും പ്രകൃതിയുടെ തനതായ ആവാസവ്യവസ്ഥയുടെ അടിത്തറ എന്ന നിലയിലുമൊക്കെ കാവുകൾക്കുള്ള പ്രാധാന്യം പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതില്ല എന്ന് സമിതി ബലമായി വിശ്വസിക്കുന്നു. അത്തരത്തിൽ സാമൂഹികമായി ഏറെ പ്രാധാന്യമുള്ള ഇത്തരം കേന്ദ്രങ്ങളെ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത തരത്തിൽത്തന്നെ സംരക്ഷിക്കാൻ കഴിയുന്നതാണ്. അതിനായുള്ള പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം എൻ.ജി.ഒ.കൾ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, മറ്റ് ബഹുജന സംഘടനകൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പാക്കുന്നതിനാവശ്യമായ പ്രചരണങ്ങൾ വനം-വന്യജീവി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,
2015 ജനുവരി 21.